"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കണ്ണൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള സെൻട്രൽ മാർക്കറ്റിലെ 52/3350(6) നമ്പർ മുറിയുടെ മുൻകൂർ വാടകയും ഡെപ്പോസിറ്റും കുറവ് ചെയ്ത നഗരസഭാ കൗൺസിലിന്റെ 23.08.2023 ലെ 41-ാം നമ്പർ തീരുമാനം സാധൂകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി)വകുപ്പ്**

സ.ഉ.(സാധാ) നം.2232/2024/LSGD തീയതി,തിരുവനന്തപുരം, 17-11-2024

---

പരാമർശം:-

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 29/06/2023 AE (1)288/2013 നമ്പർ കത്ത്
2. കണ്ണൂർ നഗരസഭാ കൗൺസിലിന്റെ 23/08/2023 ലെ 41-ാം നമ്പർ തീരുമാനം
3. കണ്ണൂർ നഗരസഭാ സെക്രട്ടറിയുടെ 28/10/2023 ലെ ഇ4(ആർ 9)20679/21 നമ്പർ കത്ത്
4. കണ്ണൂർ ജില്ലാ തദ്ദേശ സ്വയംഭരണ ജോയിന്റ് ഡയറക്ടറുടെ 20/11/2023 ലെ JD/KNR/6249/2023/B6 നമ്പർ കത്ത്
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് -ലെ 09.07.2024 ലെ LSGD/PD/67267/2023-REV1 നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (കൃഷി ) കാര്യാലയം പ്രവർത്തിക്കുന്നതിനായി കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ അധീനതയിലുള്ള സെൻട്രൽ മാർക്കറ്റിലെ രണ്ടാം നിലയിലെ 52/3350(6) 84 സ്ക്വയർ മീറ്റർ ഹാൾ പ്രതിമാസം 10904/- രൂപ വാടക നിശ്ചയിച്ച് ടി കെട്ടിടത്തിലേക്ക് മാറ്റുന്നതിന് നിശ്ചയിച്ച വാടക അംഗീകരിച്ചുകൊണ്ട് കൃഷി വകുപ്പ് ഡയറക്ടർ അനുവാദം നൽകിയിട്ടുണ്ടെന്നും , പ്രസ്തുത കെട്ടിടത്തിനുള്ള മുൻകൂർ വാടകയും ഡെപ്പോസിറ്റും നൽകുന്നതിനുള്ള അലോട്ട്മെന്റ് സർക്കാരിൽ നിന്ന് ലഭ്യമല്ലാത്ത സാഹചര്യത്തിൽ മുൻകൂർ വാടകയും ഡെപ്പോസിറ്റ് തുകയും ഒഴിവാക്കി കെട്ടിടം വാടകയ്ക്ക് കൈമാറുന്നതിനുള്ള തീരുമാനം കൈകൊള്ളണമെന്നും കൃഷിവകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ പരാമർശം (1) ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 12 മാസത്തെ മുൻകൂർ വാടകയും 6 മാസത്തെ വാടക ഡെപ്പോസിറ്റും കുറവ് ചെയ്ത് PWD വാടക നിരക്കിൽ വാടക അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം തീരുമാനിച്ചതായും, ടി തീരുമാനം അംഗീകരിക്കുന്നതിനായി സർക്കാരിലേക്ക് അയക്കുവാനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ലെ തീരുമാനത്തിന്റെ

സാധൂകരണത്തിനായി കണ്ണൂർ നഗരസഭ സെക്രട്ടറിയുടെ പരാമർശം (3) ലെ കത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിലേക്ക് ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (കൃഷി) കാര്യാലയത്തിന് സർക്കാരിൽ നിന്ന് മുൻകൂർ വാടകയും ഡെപ്പോസിറ്റും മുനിസിപ്പൽ കോർപ്പറേഷന് നൽകുന്നതിന് അലോട്ട്മെന്റ് ലഭ്യമല്ലാത്ത സാഹചര്യം കണക്കിലെടുത്ത് കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ അധീനതയിലുള്ള സെൻട്രൽ മാർക്കറ്റിലെ രണ്ടാം നിലയിലെ 52/3350(6) ഹാൾ മുൻകൂർ വാടകയും ഡെപ്പോസിറ്റും കുറവ് ചെയ്തുകൊണ്ട് PWD വാടക നിരക്കിൽ പ്രതിമാസം 10904/- രൂപ നിശ്ചയിച്ച് കൃഷി വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിന് വാടകയ്ക്ക് അനുവദിച്ച കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷന്റെ പരാമർശം (2) ലെ കൗൺസിൽ തീരുമാനം സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് , പ്രിൻസിപ്പൽ ഡയറക്ടർ
സെക്രട്ടറി, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ) , തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
വിവരപൊതുജന സമ്പർക്ക വകുപ്പ്( വെബ്& മീഡിയ)
കരുതൽ ഫയൽ ( DB1/301/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 18-12-2024 16:58:05